# ഞാൻ ബാലു..(പഠിപ്പിസ്റ്റ്)

ഞാൻ ബാലു. മീനച്ചിലാറിന്റെ തീരത്തുള്ള പരുമലചെരിവ് എന്ന ഗ്രാമത്തിൽ ജനിച്ചു വളർന്നവൻ! പരുമല പോലീസ് സ്റ്റേഷനിലെ ഒരു സാധാ കോൺസ്റ്റബിൾ ആയിരുന്ന വർഗ്ഗീസിന്റെയും ,അന്നാമ്മയുടെയും ഏക സന്താനം ആയി ആയിരത്തിത്തൊള്ളായിരത്തി എൺപത്തിനാലിൽ ജനനം.! മുഴുക്കുടിയനായ അപ്പന് തന്റെ ജീവിതകാലത്ത് ആകെ സമ്പാദിച്ചുകൂട്ടിയത് പതിനായിരങ്ങളുടെ തീരാ കടബാധ്യതയും കൂമ്പിനിടി വറീത് എന്ന ഇരട്ടപ്പേരും ആയിരുന്നു! പട്ടിണികിടന്നും വീട്ടുവേലയ്ക്ക് നടന്നു ഉണ്ടാക്കിയ കാശ് വെച്ചാണ് എന്റെ പൊന്നമ്മച്ചി കുടുംബം പോററിയിരുന്നത് !

നേഴ്സറി മുതൽ പഠിക്കാൻ ഞാൻ മിടുക്കനായിരുന്നു! പഠിച്ച ക്ലാസ്സുകളിൽഎല്ലാം എല്ലാ പരീക്ഷയിലും ഒന്നാം സ്ഥാനം! ഞാൻ ആറാം ക്ലാസിൽ പഠിക്കുമ്പോഴാണ് എന്റെ പൊന്നമ്മച്ചി മരിച്ചത്.! മരിക്കുന്നതിനു മുന്നേ വരെ സന്തോഷം എന്താണെന്ന് ആ സ്തീ അനുഭവിച്ചിട്ടില്ല,അപ്പൻ അതിനു സമ്മതിച്ചിട്ടില്ല! പഠിച്ചു വെല്യ നിലയിലാകുമ്പോ എന്റെ പാവം അമ്മച്ചിയെ പൊന്നുപോലെ നോക്കി ഒരു രാജ്ഞിയെപോലെ വാഴിക്കണമെന്നായിരുന്നു എന്റെ ആകെയുള്ള ആഗ്രഹം! പരുമലയിൽ തന്നെയുള്ള സർക്കാർ സ്കൂളിൽ ആണ് ഞാനെന്റെ വിദ്യാഭ്യാസകാലം ചെലവഴിച്ചത്! ഇന്ത്യയിലെതന്നെ ഏററവും മികച്ച മാതൃകാ അധ്യാപകനുള്ള അവാർഡ് വാങ്ങിയ ചാക്കൊ മാഷായിരുന്നു അന്നത്തെ ഞങ്ങളുടെ പ്രധാനധ്യാപകൻ.!ഞാൻ പത്താംക്ലാസ്സിൽ പഠിക്കുമ്പോ അദ്ദേഹമാണ് ഞങ്ങളുടെ കണക്കുമാഷായി ഉണ്ടായിരുന്നത് !ഒന്നുമുതൽ ഒമ്പതുവരെയുള്ള എല്ലാ ക്ലാസുകളിലും ഒന്നാമനായി ജയിച്ചുവന്നതു കൊണ്ട് മാത്രമല്ല,കണക്കിൽ കരിമ്പുലി ആയിരുന്നത് കൊണ്ടും എന്നെ ചാക്കൊമാഷിനു വലിയ കാര്യമായിരുന്നു!ഭൂലോകത്തിന്റെ സ്പന്ദനം കണക്കിലാണെന്ന് മാഷിനെപോലെ ഞാനും വിശ്വസിച്ചിരുന്നു!

മാഷിന്റെ സ്വന്തം മകൻ ആ സ്കൂളിൽ തന്നെ പഠിക്കുന്നുണ്ടായിരുന്നു. തോമസ് ചാക്കോ! അഞ്ചുപൈസയുടെ വിവരം ഇല്ല എന്ന് പറഞ്ഞാമാത്രം പോരാ അഞ്ചുപൈസയുടെ വിവരം ഇല്ല.. പോരാത്തതിന് മൂക്കിന്റെ തുമ്പത്ത് തന്നെ ദേഷ്യവും..എന്തിനേറെ പറയുന്നു..സ്വന്തമാപ്പനെ അവൻ വിളിച്ചിരുന്നത് കടുവാ കടുവാ എന്നാണു..സകല ഊടായിപ്പ് പരിപാടികൾക്കും ഇറങ്ങിത്തിരിക്കുന്നതുകൊണ്ടും എപ്പഴാ നാട്ടുകാരുടെ പണികിട്ടുക എന്ന് ഒരു ഉറപ്പും ഇല്ലാത്തതുകൊണ്ടും അവൻ അവന്റെ ഇൻസ്ട്രുമെന്റ് ബോക്സിൽ അവന്റെ കൊച്ചാപ്പന്റെ കടയിൽ നിന്ന് അടിച്ചുമാററിയ സ്പാന്നറും ആക്സോബ്ലേഡും ഒക്കെ ഇട്ടോണ്ടനടക്കും ,ടൂൾസ് ആയിട്ട് ,ഒരു സെഫ്ടിക്ക്! പെൺകുട്ടികൾക്ക് മാത്രം അല്ല ഒരുവിധപെട്ട എല്ലാവര്ക്കും അവനെ പേടിയായിരുന്നു..അതിന്റെ അഡ്വാന്റേജ് പിടിച്ച്നടക്കാൻ കൂടെ കുറെ കൂതറഗ്യാങ്ങും! ആ ക്ലാസിലെ ഏററവും മുററുകഷണം ആയിരുന്ന തൊളസി എന്നുപറയുന്ന കുട്ടിയൊക്കെ,അവൾ തന്നെ സ്വയം പ്രഖ്യാപിച്ച "തോമസ് ചാക്കോയുടെ ലൈൻകേസ്" എന്ന ഒററ ലേബലിലാണു സ്കൂളിലെ ബാക്കി സ്മാരക വായിനോക്കികളിൽ നിന്ന് രക്ഷപെട്ടിരുന്നത്!

ക്രിസ്മസ് പരീക്ഷ അടുത്തുവരുന്ന സമയം! ഇന്ന് ആർക്കിട്ട് പണിയാം എന്ന് ആലോചിച്ചു തോമസ് ചാക്കോ ഇൻസ്ട്രുമെന്റ് ബോക്സിലെ ഒരു സ്പാന്നറും കറക്കിപ്പിടിച്ചു ക്ലാസ്സിലെ ഫ്രണ്ട് ബെഞ്ചിൽ വായുംപൊളിച്ചിരിക്കുന്ന സമയം! സ്വന്തം മോൻ ഈ ജന്മത് ഒരുപ്രാവശ്യം എങ്കിലും കണക്കിന് ഡബിൾഡിജിറ്റ് വാങ്ങണം എന്ന് അതിയായി വ്യസനിച്ചിരുന്ന ചാക്കോമാഷും ഇതുകണ്ടു വീണ്ടും മാനസികമായി തകർന്നു!.മകന്റെ ശ്രദ്ധ തിരിക്കാനായി ചാക്കോമാഷ് കയ്യിലിരുന്ന ചോക്കുകഷണം കൊണ്ട് മകന്റെ തലയിൽ കൊണ്ടു-കൊണ്ടില്ല എന്ന രീതിയിൽ വളരെ പതുക്കെ ഒന്നെറിഞ്ഞു! ഇവൻ സ്വപ്നത്തിൽ നിന്ന് ഞെട്ടി എണീച്ചു അപ്പനെ നോക്കി കലിപ്പിച്ചു! ഏതായാലും എണീപ്പിച്ചതല്ലേ,എന്തേലും ചോദ്യം ചോദിക്കാതെ ഇരുതുന്നത് നാണക്കേടല്ലേ എന്ന് കരുതി ചാക്കോമാഷ് അവനോടു ചോദിച്ചു ,യേത് പൊടിക്കൊച്ചിനു പോലും അറിയാവുന്ന ഒരു സിമ്പിൾ ചോദ്യം!

"ദ്വിമാന സമവാക്യത്തിന്റെ സാമാന്യരൂപം ?"

തോമസ്ചാക്കോയുടെ സൈഡിൽ ഇരുന്ന അവന്റെ ലൈൻകേസ് തൊളസി,അവൾടെ നോട്ടുബുക്ക് തൊറന്നു ആരും കേൾക്കാത്ത സൌണ്ടിൽ വിളിച്ചുപറഞ്ഞു കൊടുത്തു! തോമസ് ചാക്കോ കേട്ടതിന്റെ മുക്കും മൂലയും ഒക്കെ കൂട്ടിച്ചേർത്തു വിളിച്ചു പറഞ്ഞു!

"എ സ്ക്വയർ ...എ സ്ക്വയർ..പ്ലസ് ബീ സ്ക്വയർ.."

"ബ ബ്ബ ബ്ബ ബ്ബ " ചാക്കോമാഷ് മുററത്തുകൂടി നടന്നുപോയ രണ്ടുമൂന്നു കോഴികളെ നോക്കി പറഞ്ഞതാണ് !

"ബാലൂ..മോനെ പറഞ്ഞുകൊടുക്കാടാ ദ്വിമാന സമവാക്യത്തിന്റെ സാമാന്യരൂപം.." കോഴികളെ ഓടിച്ച് ചാക്കൊമാഷ് എന്നെ നോക്കി പറഞ്ഞു.

"എ എക്സ് സ്ക്വയർ പ്ലസ് ബീ എക്സ് പ്ലസ് സീ.. എ സമമല്ല പൂജ്യം.."

ഞാൻ രാജ്യം പിടിച്ചടക്കിയവന്റെ അഹങ്കാരതോടെയോന്നും അല്ല ഈ ഉത്തരം പറഞ്ഞിട്ട് ഇരുന്നത് ,ക്ലാസ്സിൽ തോമസ് ചാക്കോയ്ക്കും പിന്നെ ആ തൊളസിക്കും മാത്രമായിരിക്കും ചെലപ്പോ ഇതിന്നുള്ള ആൻസർ അറിയാതിരിക്കുക! ഏതാണ്ടും വലിയ ക്രൂരത അവനോടു കാട്ടിയപോലെ അവൻ എന്നെ നോക്കി കലിപ്പിച്ചപ്പോൾ ഞാൻ ചെറുതായിട്ടൊന്നു ഭയന്നു!

ചാക്കോമാഷ് ബ്ബബ്ബ എന്ന് പറഞ്ഞത് കേട്ടിട്ട് മുററത്തൂടെ വെറുതെ പോകുകയായിരുന്ന കോഴികളെല്ലാം കൂടി ക്ലാസ്സിലേക്ക് ഓടിവന്നു. അതുവരെ അടുക്കിപ്പിടിച്ചു നടന്ന ഒരു പെടക്കൊഴി കറക്ററ് എന്റെ ബെഞ്ചിൽ തൂറിയിട്ടു. ക്ലാസ്സിൽ കാക്കയോ കോഴിയോ തൂറിയിട്ടാല് അത് തുടയ്ക്കേണ്ടാത് ക്ലാസ്ലീഡറിന്റെ കടമയാണ്,ആ ടേമിലെ ക്ലാസ്ലീഡർ തോമസ്ചാക്കോ ആയിരുന്നു, സ്വന്തമായിട്ട് ഒരു ടവൽ പോലും കൊണ്ടുവരുന്ന സ്വഭാവം ലവന് ഇല്ലാത്തതിനാൽ ചാക്കോമാഷ് സ്വന്തം തൂവാല എടുത്തു മോന്റെ കയ്യിൽ കൊടുത്തു! അവനു അന്ന് നടക്കാൻ എന്തോ പ്രയാസമുണ്ടായിട്ടാണോ അതോ വെറൈററിക്ക് വേണ്ടിയാണോ എന്നറിയില്ല,അവൻ മുട്ടിലിഴഞ്ഞാണ് എന്റെ ബെഞ്ച് തൊടയ്ക്കാൻ വന്നത്! ബെഞ്ച് തുടച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അവൻ എന്തോ ഭീഗരസംഭവം കണ്ടുപിടിച്ച മട്ടിൽ കിക്കിക്കി ന്നു ചിരിക്കാൻ തുടങ്ങി !

ഞാൻ ഇട്ടിരുന്ന കളസത്തിന്റെ മൂട്ടിലൊരു ഓട്ട.. പാവപെട്ട എന്റെ പൊന്നമ്മച്ചി മരിച്ചതിനു ശേഷം എന്റെ വീട്ടിൽ എന്നും പട്ടിണിയായിരുന്നു! ഏഴാം ക്ലാസ്സിൽ കേറിയസമയത്ത് തയിപ്പിച്ച

ടൈററ് കളസം ആണ് ഈ പത്താംക്ലാസ്സിലും ഞാൻ ഇട്ടുകൊണ്ട് വരുന്നതെന്ന് അവനറിയേണ്ട കാര്യമില്ലായിരുന്നു! ബെഞ്ച് തുടച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അവൻ ചിരിഅടക്കാൻ പാടുപെടുന്നു,ഞാൻ ഷർട്ട് പരമാവധി വലിച്ചുഇറക്കിയിട്ട് തൊളയടയ്ക്കാനുള്ള ഒരു ശ്രമം നടത്തി..

ഉച്ചയ്ക്ക് ഞാൻ സ്കൂളിലെ ഉച്ചക്കഞ്ഞിക്ക് മിച്ചം വന്ന കഞ്ഞിവെള്ളം ചോദിച്ചുവാങ്ങിക്കുടിച്ചു ക്ലാസ്സിലെ ലാസ്റ്റ്ബെഞ്ചിൽ ചുമ്മാ ഇരിക്കുവാർന്നു! ഞാൻ പത്രീക്ഷിച്ചത് തന്നെ സംഭവിച്ചു! അവൻ ചെന്ന് എന്റെ കളസത്തിൽ ഓട്ടയുള്ളകാര്യം ആ തൊളസിയെം ഗ്യാങ്ങിനേം അറിയിച്ചു! അവളുമാരെല്ലാം കൂടി പടയായിട്ടു വന്നു ,എന്നെ "ഡാ ഓട്ടക്കളസമെ..ഓട്ടക്കളസമെ.." എന്ന് വിളിച്ചു കളിയാക്കാൻതുടങ്ങി. എനിക്കന്നു വന്ന കരച്ചിൽ പിന്നെ ഈ ജന്മത് ഇതുവരെ എനിക്ക് ഉണ്ടായിട്ടില്ല! ഞാൻ ആ ഡെസ്കിൽ കമന്നു കിടന്നു കരഞ്ഞു!..

ബഹളം പെൺപട പോയിക്കഴിഞ്ഞെന്നു മനസ്സിലാക്കി ഞാൻ കണ്ണുകൾ ഉയർത്തിനോക്കി,അന്ന് അവിടെ എന്നെനോക്കി ഒരു പെൺകുട്ടി മാത്രം ക്ലാസിൽ ഇരിപ്പുണ്ടായിരുന്നു!

നീനു.. ഞാൻ അവളെ നോക്കിയെന്നറിഞ്ഞപ്പോ അവൾ എന്നെ നോക്കി പുഞ്ചിരിച്ചു! അവൾ അടുത്തുവന്നപ്പോഴാണ് അവളുടെ കവിൾത്തടങ്ങളും നനഞ്ഞിരിക്കുന്നതായി എനിക്കറിയാൻ കഴിഞ്ഞത്.അവൾ എനിക്ക് വേണ്ടി കരയുകയായിരുന്നു! അവൾ എന്റെ കവിളിൽ ഉണ്ടായിരുന്ന കണ്ണുനീർ തുടച്ചു, എന്നിട്ട് തിരിച്ചുനടന്നു!

പിന്നീടൊരിക്കലും അവൾ എന്നെ ശദ്ധിക്കുന്നതായോ അടുത്തുവരാൻ ആഗഹ്രിക്കുന്നതായോ എനിക്ക് തോന്നിയിട്ടില്ല! ഓട്ടക്കളസവും സോഡാഗ്ലാസ്സ് കണ്ണടയുമായി നടക്കുന്ന ഈ പഠിപ്പിസ്റ്റ് ബാലുവിനെ ആര് ഇഷ്ടപെടാൻ? പഠിച്ചുയരണം,വലിയവൻ ആകണം എന്നുള്ള എന്റെ ആഗഹ്രത്തിൽ പിന്നീട് ഞാൻ എല്ലാം മറന്നു! നീനു ഇന്ന് എന്റെ ആരുമല്ലാതായി മാറിയിരിക്കുന്നു!

പഠനത്തിന്റെ ഇടയ്ക്ക് ഞാൻ സയൻസ് എക്സിബിഷന് പങ്കെടുക്കാൻ വേണ്ടി മെക്കാനിക്കൽ ഹോബ്ബികളും ചെയ്യുമായിരുന്നു! മതിലിലും മരത്തിലും ഒക്കെ ആണിയടിക്കാൻ പററുന്ന തരത്തിൽ ഒരു ഹാമ്മറിംഗ് യന്ത്രം,അതെന്റെ ഒരു കൺസെപ്ററ് ആയിരുന്നു!തകരസാധനങ്ങൾ കൂട്ടിയിടുന്ന സ്ഥലത്തുനിന്നു പഴയ സൈക്കിൾവീലും ട്രാക്ടറിന്റെയൊക്കെ ഗിയർബോക്സും ഒക്കെ അഴിച്ചുപണിത് ഞാൻ ഒരു ആണിയടിക്കുന്ന യന്ത്രം ഉണ്ടാക്കി!നല്ല ഹാമറിങ്ങും ടോർക്കും ഒക്കെയുള്ള ഒരു കിടിലം സാധനം! ആണി അടിക്കേണ്ട സ്ഥലത്തിന്റെ മുന്നിൽ വെച്ച്കൊടുത് ഒരു സ്വിച്ചിട്ടാൽ മതി ഒരു കയ്യും ചുററികയും വന്നു നാലഞ്ചുസ്ട്രോക്കിൽ ഒരു രണ്ടിഞ്ചിന്റെ ആണി യേത് കൊണ്ക്രീടു മതിലും അടിച്ചുകയററും!

അന്നേരമാണ്,സയൻസ് എക്സിബിഷന് പങ്കെടുത്താൽ ഗേസ്സ്മാർക്ക് കിട്ടും,പത്തിൽ പൊങ്ങിപോണേൽ ആകെ അതെ മാർഗമുള്ളൂ എന്നൊക്കെ പറഞ്ഞു തോമസ്ചാക്കോ എന്റെ കാലുപിടിക്കാൻ വേണ്ടി വന്നിരിക്കുന്നത്! ഞാൻ അവനു എന്റെ ആണിയടിക്കൽ യന്ത്രം ഫ്രീ ആയിട്ട് കൊടുത്തു!അവൻ അതുനെരെ അവന്റെ കൊച്ചാപ്പന്റെ വെൽഡിംഗ് വർഷാപ്പില് കൊണ്ടുപോയി ആവശ്യമില്ലാത്ത സ്ഥലത്തൊക്കെ വെൽഡിങ്ങും നടത്തി,അതിന്റെ ഹാമറിംഗ്എഫെക്ടും ടോർക്കും എല്ലാം നശിപ്പിച്ചു! പിന്നെ അവന്റെ കൊചാപ്പന്റെ ഒടുക്കത്തെ കൊനഷ്ടു ബുദ്ധിയിൽ അവൻ അതുകൊണ്ടുപോയി അല്ബുധമണി എന്നൊക്കെ പറഞ്ഞു സ്കൂളിൽ പദ്രർശിപ്പിച്ചു! അവൻ ഇതും വെച്ചോണ്ട് ഞെളിഞ്ഞു നിന്നതൊക്കെ തൊളസിയും കൂതറഗ്യാങ്ങും വാപൊളിച്ച് നോക്കിനിന്നു! ഞാനിതെല്ലാം കണ്ടു ദൂരെമാറി നിൽക്കുകയായിരുന്നു! എനിക്ക് വേണേൽ ചുമ്മാ,അതിന്റെ ഇടയിൽ കേറി ഷോ

ഇറക്കാമായിരുന്നു!പിന്നെ ഞാൻ ചിന്തിച്ചു.."ഹെന്തിനു..അവനു ഒരു പത്തുമാർക്ക് ഗ്രേസ് കിട്ടുവാണേൽ കിട്ടട്ടെ!ഞാൻ എന്റെ ഗുരുനാഥന് കൊടുക്കുന്ന ദക്ഷിണയായി ഇത് കരുതും.."എന്നു..

എസ്സെസ്സെൽസി,ലാസ്റ്റത്തെ ബയോളജി പരീക്ഷ അവസാനിച്ച അന്ന്,എല്ലാവരും ഓട്ടോഗ്രാഫും പരിപാടിയും ഒക്കെ ആയിട്ട് ഓടിനടക്കുന്നു!ലൈൻകേസുകൾ ചുമ്മാ കണ്ട മരച്ചുവട്ടിൽ പോയിട്ട് അങ്ങോട്ടും ഇങ്ങോട്ടും നോക്കി ഇനിയെന്ത് തേങ്ങാ ഒലത്തും എന്നരീതിയിൽ കൂലങ്കുഷമായി ആലോചനയിൽ മുഴുകിയിരിക്കുന്ന കൊറെയെണ്ണം ! ഫ്രോഡ് പെൺകുട്ടികളുടെ കള്ളക്കരചിലുകൾ.. തേങ്ങലുകൾ.. ഞാൻ എന്റെ ബാഗും തൂക്കി സൈക്കിൾ വെച്ചിടത്തെക്ക് നടന്നു!പിന്നിൽ നിന്ന് ബാലൂ എന്നാ വിളികേട്ടു ഞാൻ തിരിഞ്ഞു നോക്കി! അത് നീനുവായിരുന്നു! അവൾ ഓടിവരുകയാണ്..

"എന്താ നീനു?.." ഞാൻ ചോദിച്ചു!

"ബാലുവിന് ഓട്ടോഗ്രാഫ് വേണ്ടേ?.." ..അവൾ കിതയ്ക്കുകയായിരുന്നു..

"ഇല്ല..ഞാൻ ആ ബുക്ക് വാങ്ങിച്ചില്ല!..നിനക്കറിയാല്ലോ.."

"ഉം..എനിക്കറിയാം.. ബാലു ആ കയ്യൊന്നു നീട്ടിക്കേ.."

ഞാൻ എന്റെ കൈ അവൾക്കു നേരെ നീട്ടി..അവൾ എന്റെ വലത്തേ കൈവെള്ളയിൽ അവളുടെ കയ്യിലുണ്ടായിരുന്ന പേന വെച്ച് എന്തോ എഴുതി,എഴുതി തീർന്നതും അവൾ തിരിഞ്ഞു ഓടുകയായിരുന്നു..അവൾ എന്താണ് എഴുതിയിരിക്കുന്നതെന്ന് അറിയാൻ ഞാനെന്റെ കൈവെള്ള നോക്കി..

"ഇനിയെന്നും..ബാലുവിന്റെ സ്വന്തം നീനു.."

ഞാൻ എന്ത് പറയണമെന്നറിയാതെ നിന്നു,എനിക്ക് ഒന്നും ചെയ്യാൻ അറിഞ്ഞുകൂടായിരുന്നു!

വീട്ടിൽ എത്തിയതിനു ശേഷമാണ് എന്താ നടന്നതെന്ന് ഞാൻ ചിന്തിക്കുന്നത് തന്നെ!അവൾ എന്റെ സ്വന്തമാണെന്ന് എന്റെ കയ്യിൽ എഴുതിതന്നിരിക്കുന്നു!ഞാൻ അത് ഒരു ആയിരം പ്രാവശ്യമെങ്കിലും വായിച്ചിട്ട് പോലും എനിക്ക് മതിവരുന്നുണ്ടായിരുന്നില്ല! വൈകുന്നേരം കുളിച്ചപ്പോ ഞാൻ എന്റെ കയ്യിൽ വെള്ളം നനയാതിരിക്കാൻ ഒരു പ്ളാസ്റ്റിക് കിററ് വെച്ച് പൊതിഞ്ഞു കൈ പൊക്കിപ്പിടിചു നിന്നു !

അവൾ - നീനു - എന്റെ മനസ്സിൽ നിന്ന് മായുന്നില്ലായിരുന്നു!

അന്ന് സന്ധ്യആയതിനുശേഷം ഞാൻ എന്റെ വീടിന്റെ മുന്നിൽ നിൽക്കുമ്പോ തോമസ് ചാക്കോ വന്നിരിക്കുന്നു!അവൻ പടിക്കൽ നിന്നു എന്നെ അങ്ങോട്ട് കൈകാട്ടി വിളിച്ചു!ഞാൻ അങ്ങോട്ടേക്ക് ഓടിച്ചെന്നു!

"ബാലൂ..നിന്റെ കൈ ഒന്ന് കാണിച്ചേ!.."

അവൻ ചെന്നപാടെ ഇങ്ങനെ ചോദിച്ചു! ങേ! ഇനി നീനു എന്റെ കയ്യിൽ എഴുതിയ കാര്യം ആ

തൊളസി വഴി ലീക്കായി ഇവൻ അറിഞ്ഞിട്ടു അതു കാണാൻ വന്നിരിക്കുവാണൊ? എതായാലും അവൾ എഴുതിയത് ഈ പോത്തനുംകൂടി ഒന്നു കാണട്ടെ!നമ്മ പഠിപ്പിസ്റ്റ് ടീമ്സിനും പെണ്ണ് കിട്ടും എന്ന് ഇവനും ഒന്ന് അറിഞ്ഞിരിക്കണമല്ലോ!

"എന്താ തോമസ് ചാക്കോ?" ഞാൻ ചോദിച്ചു!

"ചാക്കോമാഷ് എന്റെ അപ്പൻ അല്ല!നിന്റെ അപ്പനാ.."

എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാകാതെ നിന്ന എനിക്ക് അവൻ കയ്യിലൊരു കോമ്പസ് ഡിവൈഡർ പിടിച്ചിരിക്കുന്നത് കാണാൻ കഴിഞ്ഞില്ല!അവൻ ആ ഡിവൈഡർ കൊണ്ട് എന്റെ കയ്യിൽ ആഞ്ഞുകുത്തി. ഞാൻ വേദനകൊണ്ട് പുളഞ്ഞു! അതിനെക്കാളും വലിയ മുറിവുണ്ടായത് എന്റെ മനസ്സിലാണ്!നീന് എഴുതിയത് വായിച്ചു കൊതി തീർന്നിരുന്നില്ല എനിക്ക്, അതിനിടക്കാണ് ഒരുത്തൻ വന്നു കൈ കുത്തിപ്പൊളിച്ചത് !കുത്തിപ്പൊളിക്കും എന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ മറേറ കയ്യ് കൊടുക്കുമാർന്നു! മെനകെട്ടവൻ! എന്നാലും ചാക്കോമാഷ് അവന്റെ അപ്പൻ അല്ലാന്നു അവൻ പറഞ്ഞതിൽ സത്യമുണ്ടെന്ന് തോന്നി!അല്ലെങ്കി യേത് വകുപ്പിൽ ഉണ്ടായി ഇതക്ക് കാലമാടനായ ഒരുത്തൻ!

അന്നു രാത്രി അപ്പൻ പറഞ്ഞു കേട്ട് ചാക്കൊമാഷിന്റെ മോൻ,കള്ളവണ്ടി കേറി നാടുവിട്ടു എന്ന്.. എന്നാൽ എന്നെ വേദനിപ്പിച്ച ഒന്നുകൂടി ആ ദിവസങ്ങളിൽ സംഭവിച്ചു! നീനു പഠിക്കാൻ വേണ്ടി അമേരിക്കയിലേക്ക് പോയി..ഇനി എന്റെ ജീവിതത്തിൽ അവൾ ഇല്ല എന്ന് ഞാൻ ചിന്തിച്ചു!ഞാനത് മനസ്സിലുറപ്പിച്ചു!

കാലങ്ങൾ പെട്ടെന്ന് തന്നെ കടന്നു പോയി ..എന്റെ കോളേജ് പഠനകാലത്ത് ഞാൻ വേറെ ഒന്നും ചിന്തിക്കാൻ പോയില്ല! പഠിച്ചു!ബീടെക് ഫസ്റ്റ് റാങ്കോടെ ഞാൻ പാസ് ആയി! ഇന്ന് ഞാൻ ഒരു മൾട്ടി നാഷണൽ കമ്പനിയിൽ ജോലിക്ക് പ്രവേശിച്ചിരിക്കുന്നു! എന്റെ ആദ്യ ശമ്പളത്തിന് ഞാൻ ഒരു ബൈക്ക് വാങ്ങുകയാനുണ്ടായത് .!എന്റെ ഏറെക്കാലമായുള്ള ആഗ്രഹം! ബൈക്ക് വാങ്ങി തിരിച്ചുവരുന്ന വഴിക്കാണ് നീനുവിന്റെ അമ്മച്ചി പള്ളിയിലേക്ക് പോകുന്നത് ഞാൻ കണ്ടത്.. അവർ എന്നെകണ്ട് ചിരിച്ചു ,ഞാൻ ബൈക്ക് നിർത്തി..

"ആഹ..ബാലുവോ? സുഖാണോടാ മോനെ?.."

കുശലാന്വേഷനങ്ങൾക്ക് ശേഷം അവർ എന്നോട് പറഞ്ഞു!..

"നീനു അമേരിക്കയിൽ നിന്ന് വന്നിട്ടുണ്ട്..അവൾ ഇപ്പൊ വലിയ ഡോക്ടർ ആണ്..ബാലുവിനെ അവൾ തിരക്കിയായിരുന്നു..കണ്ടാൽ അന്വേഷിച്ചതായി പറയാനും പറഞ്ഞിരുന്നു.."

എന്റെ മനസ്സ് അക്ഷരാർത്ഥത്തിൽ സന്തോഷംകൊണ്ടു തുള്ളിച്ചാടുകകായിരുന്നു! അവൾ ഇന്നും എന്നെ മറന്നിട്ടില്ല! എനിക്കും അങ്ങനെതന്നെ ആയിരുന്നു! ആദ്യമായി ഇഷ്ടപ്പെട്ട പെൺകുട്ടി മനസ്സിൽ ഒരു കൺസെപ്റ്റ് ഉണ്ടാക്കി വെച്ചിട്ടാണ് കടന്നുപോകുന്നത്..പിന്നീട് തേടുന്നതെല്ലാം ആ കൺസെപ്റ്റ് വെച്ചിട്ടായിരിക്കും..അങ്ങനെയൊരു പെൺകുട്ടിയെ ഇതുവരെ കണ്ടുന്നിൽ കിട്ടിയിട്ടില്ല!..

"അവളെ വീട്ടിൽ ചെന്ന് കണ്ടോട്ടെ അമ്മച്ചീ?.." ഞാൻ നീനുവിന്റെ അമ്മച്ചിയോട് ചോദിച്ചു!

"അതിനെന്താടാ മോനെ..അവൾ ഇപ്പൊ വീട്ടിലുണ്ട്.." അമ്മച്ചി പള്ളിയിലേക്ക് നടന്നു!..

ഞാൻ എന്റെ ബൈക്ക് സ്റ്റാർട്ട് ചെയ്തു..എത്രയും പെട്ടെന്ന് നീനുവിനെ കാണാൻ ഉള്ള തിടുക്കമായിരുന്നു എന്റെ മനസ്സുമുഴുവൻ..അവൾ എനിക്ക് ഇപ്പഴും ആ 10 B യിൽ പഠിച്ചിരുന്ന കുട്ടിയാണ്..നിഷ്കളങ്കമായി പുഞ്ചിരിക്കുന്ന ഒരു കൊച്ചുപെൺകുട്ടി,അവൾ ഇന്ന് വലുതായിക്കാണും..കോട്ടൺ ചുരിതാർ ഒക്കെയിട്ടു മുടിയൊക്കെ സ്ട്രെയിട്ടെൻ ചെയ്ത്..പോണിടെയിൽ ഒക്കെ കെട്ടി..കവിളൊക്കെ തുടുത്ത്..അവളുടെ രൂപം എന്റെ മനസ്സിന്റെ സങ്കല്പങ്ങൾക്ക് അനുസരിച്ച് ക്രിയേററ് ചെയ്തു എടുക്കുകയായിരുന്നു..

പെട്ടെന്നാണ് അത് സംഭവിച്ചത്..ഒരു നാലഞ്ചു മുട്ടനാടുകൾ എന്റെ നേരെ പാഞ്ഞു വരുന്നു..എന്റെ സ്പീഡ് ഇപ്പൊ തൊണ്ണൂറിൽ ആണ്..ഞാൻ ബ്രേക്ക് പിടിക്കാൻ നോക്കി..പിന്നെയൊന്നും എനിക്ക് ഓർമയില്ല! എന്റെ മനസ്സിൽ എന്റെ അമ്മച്ചിയുടെ പടം തെളിഞ്ഞു വന്നു..എന്റെ നീനുവിന്റെ പടം തെളിഞ്ഞു വന്നു..

ഞാൻ മരിച്ചുകഴിഞ്ഞിരിക്കുന്നു!ഇന്നുണ്ടായ ബൈക്ക് ആക്സിടന്റിൽ എന്റെ ബൈക്ക് സ്കിഡ് ആയി ഞാൻ റോഡിൽ തലയിടിച്ചു മരിക്കുകയായിരുന്നു.!ആട് തോമാ എന്ന് പറയുന്ന ഏതോ ഒരുത്തൻ ആടിന്റെ ചങ്കിലെ ചോര കുടിക്കാൻ ആണെന്നും പറഞ്ഞു ആരാണ്ടും വളർത്തുന്ന കോറേ ആടുകളെ ഇട്ടു ഓടിച്ചപ്പോ അതിൽ അഞ്ചാറെണ്ണം റോഡിലേക്ക് ഓടിവന്നതായിരുന്നു അത്..!